ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1077

# സൂറ – 35 / ഫാത്വിർ

**സൂക്തം: 32 – 33**

സത്യവും ധർമവുമാണ് വേദം കൽപിക്കുന്നത്. അത് അനുസരിക്കുന്നതിന്റെ ഗുണം അനുസരിക്കുന്നവർക്കു തന്നെയാണ്, ധിക്കരിക്കുന്നതിന്റെ ദോഷം ധിക്കരിക്കുന്നവർക്കു തന്നെ. വേദത്തെ ധിക്കരിക്കുന്നവർ തങ്ങളെത്തന്നെ അക്രമിക്കുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്.

ثُمَّ أَوْرَثْنَا ٱلْكِتَٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٣٢﴾

32. പിന്നെ നമ്മുടെ തെരഞ്ഞെടുത്ത ദാസന്മാരെ ഈ വേദത്തിന്റെ അനന്തരാവകാശികളാക്കിയിരിക്കുന്നു. അവരിൽ തങ്ങളോടു തന്നെ അതിക്രമം ചെയ്യുന്ന ചിലരുണ്ട്, മിതത്വമുള്ളവരുമുണ്ട്, ദൈവഹിതത്താൽ നന്മകളിൽ മത്സരിച്ചു മുന്നേറുന്നവരുമുണ്ട്. ഇതു തന്നെയാകുന്നു മഹത്തായ അനുഗ്രഹം.

**32**

ثُمَّ أَوْرَثْنَا ٱلْكِتَٰبَ = പിന്നെ നാം ഈ വേദത്തിന്റെ അനന്തരാവകാശികളാക്കിയിരിക്കുന്നു

ٱلَّذِينَ ٱصْطَفَيْنَا = നാം തെരഞ്ഞെടുത്തവരെ مِنْ عِبَادِنَا = നമ്മുടെ ദാസന്മാ(രെ)രിൽനിന്ന്

فَمِنْهُمْ = അവരിൽ ഉണ്ട് ظَالِمٌ لِّنَفْسِهِۦ = തന്നോടു തന്നെ അതിക്രമം ചെയ്യുന്ന (ചിലർ)

وَمِنْهُم مُّقْتَصِدٌ = അവരിൽ മിതത്വമുള്ള (ചിലരും) ഉണ്ട്

وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ = അവരിൽ നന്മയിൽ മത്സരിച്ചു മുന്നേറുന്ന (ചിലരും) ഉണ്ട്

بِإِذْنِ ٱللَّهِ = ദൈവഹിതത്താൽ ذَٰلِكَ هُوَ = അ(ഇ)തു തന്നെയാകുന്നു ٱلْفَضْلُ ٱلْكَبِيرُ = മഹത്തായ അനുഗ്രഹം

മൂലത്തിലെ ثُمَّ ഭാഷയിൽ 'പിന്നെ', 'അനന്തരം' എന്നിങ്ങനെയുള്ള കാലക്രമത്തെ സൂചിപ്പിക്കുന്ന പദമാണ്. കാലക്രമത്തിനല്ലാതെ ഭാഷണക്രമത്തെ സൂചിപ്പിക്കാനും വചനത്തെ മുൻവചനവുമായി ബന്ധിപ്പിക്കാനും ചിലപ്പോൾ ഈ പദം ഉപയോഗിക്കാറുണ്ട്. പ്രകൃത സൂക്തത്തിലെ ثُمَّ-യെ അത്തരമൊരു പ്രയോഗമായിട്ടാണ് മുഫസ്സിറുകൾ പൊതുവിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. നിനക്ക് ഈ വേദം ബോധനം ചെയ്തുതരികയും, സവിശേഷം തെരഞ്ഞെടുത്ത ഒരു ജനത്തെ അതിന്റെ അവകാശികളാക്കുകയും ചെയ്തു എന്നാകും അപ്പോൾ ആശയം. ثُمَّ-യെ 'അനന്തരം' എന്ന അർഥത്തിൽ തന്നെ സ്വീകരിച്ചുകൊണ്ട് നിനക്ക് വേദം ദിവ്യബോധനം ചെയ്യുകയും അനന്തരം സവിശേഷം തെരഞ്ഞെടുക്കപ്പെട്ട ജനത്തെ അതിന്റെ അവകാശികളാക്കുകയും ചെയ്തു എന്നും വ്യാഖ്യാനിക്കാം. തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അവകാശികളായി

ഇസ്രാഈല്യർ നിശ്ചയിക്കപ്പെട്ടിരുന്നു, അനന്തരം ഈ വേദം അവതരിപ്പിച്ച് അതിന്റെ വാഹകരായി ഇസ്മാഈല്യരെ നിയോഗിച്ചു എന്നും ആശയമാകാം. ഏതു വ്യാഖ്യാനമനുസരിച്ചും ഇവിടെ പരാമർശിക്കുന്ന തെരഞ്ഞെടുക്കപ്പെട്ടവരിൽ പ്രഥമഗണനീയർ പ്രവാചകനിൽ വിശ്വസിച്ച് ٱلَّذِينَ ٱصْطَفَيْنَا- ഈ വേദം ഏറ്റെടുത്ത അറബികളാണ്. പിന്നെ അവരിലൂടെ ഇസ്‌ലാം സ്വീകരിക്കുകയും ഖുർആന്റെ വാഹകരാവുകയും ചെയ്ത മറ്റെല്ലാ ദൈവദാസന്മാരും - مِنْ عِبَادِنَا. അവർ ഏതെങ്കിലും പ്രത്യേക വർണത്തിലോ വർഗത്തിലോ ദേശത്തിലോ പരിമിതമല്ല. صَفَاء-ൽനിന്നുള്ള സകർമകക്രിയയാണ് اَصْطَفَى. اصتفى-യാണ് അസൽ രൂപം. ص-നു ശേഷം تاء ഉച്ചരിക്കുക പ്രയാസമായതുകൊണ്ട് അതിനെ طاء ആക്കിമാറ്റിയതാണ് اَصْطَفَى. നല്ലതും ചീത്തയും കലർന്നു കിടക്കുന്നതിൽനിന്ന് നല്ലത് വേർതിരിച്ചെടുക്കലും കടഞ്ഞു കടഞ്ഞ് മാലിന്യങ്ങളും കേടുകളും കളഞ്ഞ് സംസ്കരിച്ചെടുക്കലുമാണ് اصطفاء. ഇസ്‌ലാം സ്വീകരിക്കുകയും ഖുർആന്റെ അനുയായികളാവുകയും ചെയ്യുന്നത് അതിനുവേണ്ടി അല്ലാഹു തെരഞ്ഞെടുത്തവരാണെന്നാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. അല്ലാഹു നൽകിയ സദ്ബോധം സജീവമാക്കി സൂക്ഷിക്കുന്നവരെയാണ് അവൻ സന്മാർഗത്തിന് സന്നദ്ധരാക്കുക. وَرِثَ (അനന്തരാവകാശിയായി)-യുടെ സകർമക രൂപമാണ് اورث മരിച്ചയാളുടെ വസ്തുവഹകളിൽ ഉടമാവകാശം സിദ്ധിക്കുന്നവൻ ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ وَارِث ആകുന്നു. നേരത്തേയുണ്ടായ സംഭവത്തിന്റെ ഫലമോ പൈതൃകമോ സിദ്ധിക്കുന്ന പിൽക്കാലക്കാരെയും അതിന്റെ وارث എന്നു പറയും. ഈ അർഥത്തിലാണ് സത്യവിശ്വാസികൾ സ്വർഗത്തിന്റെ അവകാശികൾ- ٱلَّذِينَ يَرِثُونَ ٱلْفِرْدَوْسَ ആകുന്നത്. വിശ്വാസ ജീവിതത്തിന്റെ അനന്തര ഫലമാണ് സ്വർഗലബ്ധി.

വേദാവകാശികളായി തെരഞ്ഞെടുക്കപ്പെടുന്നത് വിശിഷ്ടമായ പദവിയും മഹത്തായ ദൈവാനുഗ്രഹവുമാകുന്നു. ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ എന്ന് സൂക്താന്ത്യത്തിൽ അതു പറയുന്നുണ്ട്. ഇസ്‌ലാമിനു തൊട്ടുമുമ്പ് ഈ പദവിയും അനുഗ്രഹവുമുണ്ടായിരുന്നത് ഇസ്രാഈല്യർക്കായിരുന്നു. അതേപ്പറ്റി ഖുർആൻ പറയുന്നു: فَقَدْ ءَاتَيْنَآ ءَالَ إِبْرَٰهِيمَ ٱلْكِتَٰبَ وَٱلْحِكْمَةَ وَءَاتَيْنَٰهُم مُّلْكًا عَظِيمًا (ഇബ്റാഹീം സന്തതികൾക്ക് നാം വേദവും ജ്ഞാനവും നൽകിയിരുന്നു. വമ്പിച്ച ആധിപത്യവും നാം അവർക്കു നൽകി -4:54). കാലാന്തരത്തിൽ വേദജ്ഞാനവും തജ്ജന്യമായ നേതൃപദവിയും കാത്തുസൂക്ഷിക്കുന്നതിൽ അവർ അക്ഷന്തവ്യമായ വീഴ്ച വരുത്തി. വേദത്തെ സ്വേഛാനുസാരം വ്യാഖ്യാനിച്ചു. തങ്ങളുടെ ഭൗതികാസക്തികളെ തൃപ്തിപ്പെടുത്തും വണ്ണം വേദവചനങ്ങൾ തിരുത്തിക്കൊണ്ടിരുന്നു. വേദവാഹകരും ലോകത്തിന്റെ ആത്മീയാചാര്യന്മാരുമെന്ന് അഭിമാനിച്ചുകൊണ്ടുതന്നെ വേദശാസനകളെ നിസ്സങ്കോചം ലംഘിച്ചുപോന്നു. ഈ അവസ്ഥയെ ഖുർആൻ വർണിക്കുന്നതിങ്ങനെ: مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا (തോറാ വേദം ചുമത്തപ്പെടുകയും എന്നിട്ടതിന്റെ ഉത്തരവാദിത്തം വഹിക്കാതിരിക്കുകയും ചെയ്തവർ ഗ്രന്ഥം ചുമക്കുന്ന കഴുതയെപ്പോലെയാകുന്നു -62:5). ഈ സാഹചര്യത്തിൽ അല്ലാഹു അവരെ വേദവാഹകസ്ഥാനത്തുനിന്ന് പുറംതള്ളുകയും വേദം വഹിക്കാൻ യോഗ്യരായ മറ്റൊരു സമൂഹത്തെ തെരഞ്ഞെടുത്ത് വേദത്തിന്റെ സംശുദ്ധമായ പുതിയ പതിപ്പ് അവരെ ഏൽപിക്കുകയും ചെയ്തിരിക്കുകയാണ്. ഈ നിയോഗം ഏറെ അനുഗൃഹീതമാണ്.

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّۦنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَٰلٍ مُّبِينٍ ﴿٢﴾ وَءَاخَرِينَ مِنْهُمْ لَمَّا يَلْحَقُوا۟ بِهِمْ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾ ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٤﴾

(നിരക്ഷര ജനതയിൽ അവരിൽനിന്നുള്ള ഒരു ദൈവദൂതനെ നിയോഗിച്ചത് അല്ലാഹു തന്നെയാകുന്നു. ദൈവദൂതൻ അവർക്ക് ദൈവിക സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. ജീവിതം സംസ്കരിക്കുന്ന വേദവും ജ്ഞാനവും പഠിപ്പിക്കുന്നു. നേരത്തേ അവർ തീർത്തും മാർഗഭ്രംശത്തിലായിരുന്നുവല്ലോ. ഈ പ്രവാചക നിയോഗം ഇനിയും അവരോടു ചേർന്നിട്ടില്ലാത്ത ഇതര ജനത്തിനു വേണ്ടി കൂടിയുള്ളതാകുന്നു. അല്ലാഹു അവനിച്ഛിക്കുന്നവർക്ക് നൽകുന്ന അനുഗ്രഹമാണീ നിയോഗം. അല്ലാഹു മഹത്തായ അനുഗ്രഹമുടയവൻ തന്നെയാകുന്നു - 62: 2-4). ഈ നിയോഗം ഏറ്റെടുത്ത് മുസ്‌ലിംകളായവരെ അല്ലാഹു മധ്യമ സമുദായം, ഉത്തമ സമുദായം എന്നിങ്ങനെ വിശേഷിപ്പിക്കുന്നുണ്ട്: وَكَذَٰلِكَ جَعَلْنَٰكُمْ أُمَّةً وَسَطًا لِّتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ (ഇപ്രകാരം ജനങ്ങൾക്കൊക്കെയും സത്യസാക്ഷികളാകുന്നതിനു വേണ്ടി നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു -2:143). كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ (ധർമം കൽപിക്കുകയും അധർമം വിരോധിക്കുകയും ചെയ്യുന്ന നിങ്ങൾ ഇപ്പോൾ ജനങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ഉത്തമ സമൂഹമായിരിക്കുന്നു -3: 110). ഈ ദൗത്യം ഏൽപിക്കപ്പെട്ട സമൂഹത്തിലെ എല്ലാ അംഗങ്ങളും ഒരുപോലെ സാത്വികരും സച്ചരിതരുമാകുന്നില്ല. അവരിൽ വേദാർഥങ്ങളറിയാത്ത അജ്ഞരും അലസരുമുണ്ട്. വേദശാസനകളറിഞ്ഞിട്ടും ഗൗരവത്തിലെടുക്കാതെ ദേഹേഛകളെ പിന്തുടരുന്നവരുണ്ട്. തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുന്നവരാണീ കൂട്ടർ - فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ. സത്യവും ധർമവുമാണ് വേദം കൽപിക്കുന്നത്. അത് അനുസരിക്കുന്നതിന്റെ ഗുണം അനുസരിക്കുന്നവർക്കു തന്നെയാണ്, ധിക്കരിക്കുന്നതിന്റെ ദോഷം ധിക്കരിക്കുന്നവർക്കു തന്നെ. വേദത്തെ ധിക്കരിക്കുന്നവർ തങ്ങളെത്തന്നെ അക്രമിക്കുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്. വേദാവകാശികളിൽ ഏറിയ കൂറും ഈ വിഭാഗത്തിൽപെട്ടവരാണ്. അതുകൊണ്ടാണ് അവരെ ആദ്യം പരാമർശിച്ചത്. ഈ വിഭാഗത്തിന് ഇനിയും പ്രതീക്ഷക്കു വകയുണ്ട്. അലംഭാവത്തിൽനിന്നുണർന്ന്, ധിക്കാരത്തിൽനിന്ന് പിന്മാറി വേദവെളിച്ചത്തിൽ ചരിക്കാൻ തയാറാവുകയും നേരത്തേ ചെയ്ത തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ പ്രതിജ്ഞയെടുക്കുകയുമാണത്.

قُلْ يَٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ

(പ്രവാചകൻ അവരെ ഉപദേശിക്കുക: സ്വന്തം ആത്മാവിനോട് അതിക്രമം പ്രവർത്തിച്ചവരായ എന്റെ ദാസരേ, ദൈവകാരുണ്യത്തിൽ നിരാശപ്പെടേണ്ട. തീർച്ചയായും അല്ലാഹു സകലമാന പാപങ്ങളും പൊറുക്കുന്നവനാകുന്നു. ഏറെ പൊറുക്കുന്നവനും കരുണാവാരിധിയും തന്നെയാണവൻ - 39:53).

ച്ചവർക്കു മാത്രമേ ആ പദവിയിലെത്താനാകൂ. بِإِذْنِ ٱللَّهِ എന്ന ഉപാധിവാക്യം അതാണ് സൂചിപ്പിക്കുന്നത്. സന്മാർഗത്തിൽ പുരോഗതിയരുളുന്നതിനുള്ള അല്ലാഹുവിന്റെ മാനദണ്ഡം നേരത്തേ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ-ന്റെ താൽപര്യം നേരത്തേ വ്യക്തമാക്കിയതുപോലെ, വേദാവകാശികളാകാൻ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെടുക എന്നത് അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ അനുഗ്രഹമാകുന്നു എന്നാവാം. ഈ വാക്യം തൊട്ടുമുമ്പ് പറഞ്ഞ سَابِقٌۢ بِٱلْخَيْرَٰتِ-നോടു മാത്രം ബന്ധപ്പെട്ടതുമാകാം. അതായത് നന്മയിൽ മുന്നേറാൻ അല്ലാഹുവിന്റെ ഉതവി ലഭിക്കുക എന്നത് അതിമഹത്തായ അനുഗ്രഹമാണ്. രണ്ടു രീതിയിലും പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. രണ്ടാശയങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് ഇങ്ങനെയും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: വേദാവകാശികളായി തെരഞ്ഞെടുക്കപ്പെടുന്നത് അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹമാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരിൽ, നന്മയിൽ മുന്നേറാനുള്ള ഉതവി ലഭിക്കുക - ٱلْفَضْلُ ٱلْكَبِيرُ ഏറ്റവും വലിയ അനുഗ്രഹവുമാകുന്നു.

മുസ്‌ലിംകളെ മൂന്നു തരമായി തിരിച്ചതിൽ ഏറ്റം കുറഞ്ഞ അംഗസംഖ്യയുള്ളവരാണ് ഒടുവിൽ പരാമർശിക്കപ്പെട്ട വിഭാഗം. ധർമത്തിനും അധർമത്തിനും മധ്യേ നില കൊള്ളുന്നവരാണ് രണ്ടാമതു പറഞ്ഞ മിതത്വമുള്ളവർ. സമുദായത്തിലെ ഭൂരിപക്ഷം ആദ്യം പറഞ്ഞ സ്വന്തത്തോട് അതിക്രമം പ്രവർത്തിക്കുന്നവരാണ്. ഈ മൂന്ന് വിഭാഗത്തിനും സ്വർഗം ലഭിക്കുമെന്നാണ് പണ്ഡിതന്മാർ പൊതുവിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. ظَالِمٌ لِّنَفْسِهِ കാഫിറാണ് എന്ന് കരുതുന്നവർ അതംഗീകരിക്കുന്നില്ല. അവരുടെ ദൃഷ്ടിയിൽ ഇവിടെ പറഞ്ഞ മൂന്നു വിഭാഗവും സൂറ *അൽവാഖിഅ*യിൽ ٱلسَّٰبِقُونَ - أَصْحَٰبُ ٱلْمَشْـَٔمَةِ - أَصْحَٰبُ ٱلْمَيْمَنَةِ വലതുപക്ഷം-ഇടതുപക്ഷം-മുന്നേറ്റക്കാർ എന്നിങ്ങനെ വിശേഷിപ്പിക്കപ്പെട്ടവർ ആകുന്നു. അങ്ങനെയാകുമ്പോൾ ظَالِمٌ لِّنَفْسِهِ കാഫിറും നരകാവകാശിയും ആകാതെ തരമില്ല. ظَالِمٌ لِّنَفْسِهِ മുഅ്മിനും മുസ്‌ലിമും തന്നെ ആണെങ്കിലും അവരുടെ പാപങ്ങളുടെ പേരിൽ ഒരു നടപടിയും ഉണ്ടാവില്ല എന്ന് കരുതാൻ ന്യായമില്ല. ആരായാലും അണുഅളവ് തിന്മ ചെയ്യുന്നുവെങ്കിൽ അതവിടെ കാണാം - وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ . അതിൽ അല്ലാഹു മാപ്പുകൊടുത്തവരൊഴിച്ചുള്ള കുറ്റവാളികൾക്ക് ശിക്ഷയനുഭവിക്കേണ്ടിയും വരും. ആ ശിക്ഷ അനുഭവിച്ചുകഴിഞ്ഞ ശേഷമായിരിക്കും അവർക്ക് സ്വർഗപ്രവേശനം ലഭിക്കുക. ●

ظَالِمٌ لِّنَفْسِهِ (തന്നോടുതന്നെ അതിക്രമം പ്രവർത്തിച്ചവൻ) എന്നു പറയുന്നത് കാഫിറുകളെക്കുറിച്ചാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. കപടവിശ്വാസികളെക്കുറിച്ചാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. നേരത്തേ ഉദ്ധരിച്ച 4:55 സൂക്തത്തിൽ ഇവരെക്കുറിച്ച് وَمِنْهُم مَّن صَدَّ عَنْهُ (അതിൽനിന്ന് പിന്തിരിഞ്ഞവരും അക്കൂട്ടത്തിലുണ്ട്) എന്നു പറഞ്ഞിട്ടുള്ളതും ظلم ശിർക്കിന്റെ പര്യായമായി ഖുർആൻ ഉപയോഗിച്ചിട്ടുള്ളതും ഈ അഭിപ്രായത്തെ പിന്തുണക്കുന്നു. വിശ്വാസത്തിലും കർമത്തിലും പിന്നാക്കക്കാരായ മുസ്‌ലിംകൾ തന്നെയാണ് ഉദ്ദേശ്യമെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലം. അല്ലാഹുവിന്റെ കാരുണ്യത്താൽ ഒടുവിൽ അവർക്കും സ്വർഗപ്രവേശത്തിന് അനുമതി ലഭിക്കുമെന്ന് നബി (സ) പ്രസ്താവിച്ചതായി ഇബ്നു മർദവൈഹിയും ദൈലമിയും നിവേദനം ചെയ്തിട്ടുണ്ട്.

വേദവാഹകരിലെ രണ്ടാമത്തെ വിഭാഗം മിതത്വമുള്ളവർ - مُّقْتَصِدٌ- ആകുന്നു. ഇവർ സത്യത്തെയും ധർമത്തെയും പൂർണമായി അവഗണിക്കുന്നവരോ എതിർക്കുന്നവരോ അല്ല; അടിസ്ഥാനപരമായി അംഗീകരിക്കുന്നവരാണ്. എന്നാൽ ഖുർആൻ അനുശാസിക്കുന്ന ധർമങ്ങൾ പൂർണമായി ഉൾക്കൊള്ളുന്നവരും അതിന്റെ സംസ്ഥാപനത്തിനായി പ്രവർത്തിക്കുന്നവരുമല്ല. സത്യത്തിനും അസത്യത്തിനും, നീതിക്കും അനീതിക്കും മധ്യേയാണ് അവരുടെ നില. കാര്യമായ വെല്ലുവിളികൾ നേരിടാനില്ലാത്തപ്പോൾ വേദശാസനകൾ അനുസരിക്കും, പ്രയാസങ്ങൾ നേരിടേണ്ടിവരുമ്പോൾ മാറിനിൽക്കും. നൈമിഷികമായ ആസക്തികൾക്കടിപ്പെട്ട് ചിലപ്പോഴൊക്കെ വേദശാസനകൾക്കു വിരുദ്ധമായി പ്രവർത്തിച്ചുവെന്നും വരും. വൻപാപങ്ങൾ - الكبائر- ഒഴിവാക്കുന്നവരും ചെറിയ പാപങ്ങൾ ധാരാളം ചെയ്യുന്നവരുമാണ് مُّقْتَصِدٌ കൊണ്ട് വിവക്ഷയെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഖുർആൻ അനുശാസിക്കുന്ന ധർമപാതയിൽ അഹമഹമികയാ മുന്നേറുന്നവരാണ് മൂന്നാമത്തെ വിഭാഗം. അല്ലാഹുവിലുള്ള ഭയഭക്തിയും ഖുർആനിക ശാസനകളോടുള്ള നിഷ്കളങ്കമായ വിധേയത്വവും അവരുടെ അന്തരാളങ്ങളിൽ സദാ സജീവമായിരിക്കും. ദൈവമാർഗത്തിൽ ഉയർന്നുവരുന്ന എതിർപ്പിന്റെയും വിലക്കിന്റെയും ഭീഷണിയുടെയും മർദന പീഡനങ്ങളുടെയും രൂപത്തിലുള്ള പ്രതിബന്ധങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് അവർ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കും. ഈ മഹനീയാവസ്ഥ എല്ലാവർക്കും അനായാസം കൈവരിക്കാൻ കഴിയുന്നതല്ല. അല്ലാഹുവിങ്കൽനിന്നുള്ള ഉതവി ലഭി

---

جَنَّٰتُ عَدْنٍ يَدْخُلُونَهَا يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ﴿٣٣﴾

33. അവർ നിത്യവാസത്തിനുള്ള സ്വർഗീയാരാമങ്ങളിൽ ചെന്നുചേരുന്നതാകുന്നു. അതിലവർ കനക കങ്കണങ്ങളും മുത്തുകളും അണിയിക്കപ്പെടുന്നു. അവിടെ അവർ ധരിക്കുന്നത് പട്ടുടുപ്പുകളായിരിക്കും.

**33**

جَنَّٰتُ عَدْنٍ = നിത്യവാസത്തിനുള്ള (സ്വർഗീയ) ആരാമങ്ങൾ يَدْخُلُونَهَا = അതിൽ പ്രവേശിക്കും (ചെന്നു ചേരുന്നതാകുന്നു)

يُحَلَّوْنَ فِيهَا = അതിൽ അവർ അണിയിക്കപ്പെടുന്നു مِنْ أَسَاوِرَ مِن ذَهَبٍ = സ്വർണത്താലുള്ള വളകൾ (കനകകങ്കണങ്ങൾ)

وَلُؤْلُؤًا = മുത്തുകളും وَلِبَاسُهُمْ فِيهَا = അവിടെ അവരുടെ വസ്ത്രം (ധരിക്കുന്നത്) حَرِيرٌ = പട്ട് (ഉടുപ്പുകളായിരിക്കും)

മുൻസൂക്തം പ്രസ്താവിച്ച اَلْفَضْلُ اَلْكَبِيرُ-ന്റെ വിശദീകരണമാണീ സൂക്തങ്ങൾ. ഈ സൂക്തങ്ങളെ മുൻസൂക്തത്തിലെ اَلَّذِينَ اَصْطَفَيْنَا-യുമായി ബന്ധിപ്പിക്കുമ്പോൾ മേൽപറഞ്ഞ മൂന്നു തരം വിശ്വാസികൾക്കും വിവേചനമന്യേ അത്യുന്നത സ്വർഗീയാരാമം ലഭിക്കും എന്നാകും സാരം. ആ വ്യാഖ്യാനം ശരിയായി തോന്നുന്നില്ലെങ്കിലും ചില നിവേദനങ്ങളെ ആസ്പദമാക്കി പലരും അങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു. തിർമിദി ഉദ്ധരിച്ച ഒരു നിവേദനമാണവരുടെ മുഖ്യാവലംബം. ഈ സൂക്തം ഓതിക്കൊണ്ട് നബി(സ) പറഞ്ഞുവത്രെ: 'ഈ കൂട്ടരെല്ലാവരും ഒരൊറ്റ പദവിയിലാകുന്നു. എല്ലാവരും സ്വർഗത്തിലാകുന്നു.' ഈ നിവേദനം തീരെ അപരിചിതമാണെന്ന് തിർമിദി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ ഇതിന്റെ നിവേദക ശൃംഖലയിലെ രണ്ടു പേർ അജ്ഞാതരുമാണ്. അതിനാൽ 33-ാം സൂക്തം 32-ാം സൂക്തത്തിലെ سَابِقٌۢ بِالْخَيْرٰتِ-മായി മാത്രം ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കുന്നതാണ് കൂടുതൽ യുക്തം. ആദ്യത്തെ രണ്ടു വിഭാഗങ്ങളെ മൂന്നാമതു പറഞ്ഞ വിഭാഗത്തിൽ ചേരാൻ പ്രോത്സാഹിപ്പിച്ചുകൊണ്ട് നൽകുന്ന സുവാർത്തയാണ് ഈ സൂക്തങ്ങൾ എന്നും വ്യാഖ്യാനമുണ്ട്. മൂന്നു വിഭാഗത്തിനും ഒരേ പദവിയും പ്രതിഫലവുമാണെന്നു വന്നാൽ ഈ സുവാർത്ത പ്രോത്സാഹനമല്ല, നിരുത്സാഹനമാണ് ആയിത്തീരുക.

അത്യുന്നത സ്വർഗീയാരാമങ്ങളാണ് جَنّٰتُ عَدْنٍ. ഈ വാക്ക് നേരത്തേ പലവട്ടം വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. പുരാതന കാലത്ത് രാജാക്കന്മാരും പ്രഭുക്കളും പ്രതാപത്തിന്റെ ചിഹ്നങ്ങളായി അണിയാറുള്ളതാണ് കനകകങ്കണങ്ങളും രത്നഹാരങ്ങളും പട്ടുടയാടകളും. ഇക്കാലത്ത് വൻകിടക്കാരായ പുരുഷന്മാർ ഇതൊക്കെ ധരിച്ചു നടക്കുന്നത് പഴഞ്ചനും ആഭാസവുമായിട്ടാണ് കാണുക. ഇവിടെ പറയുന്നത് ഭൗതികലോകത്ത് നാം പരിചയിച്ചിട്ടുള്ള പൊന്നും മുത്തും പട്ടും തന്നെയായിരിക്കണമെന്നില്ല. ഖുർആൻ അതിന്റെ സംബോധിതർക്ക് അന്നുണ്ടായിരുന്ന ഏറ്റം ഉയർന്ന സൗന്ദര്യ - സൗഭാഗ്യ സങ്കൽപങ്ങളിലൂടെ സ്വർഗസ്ഥരുടെ അഭൗതികമായ സൗന്ദര്യ - സൗഭാഗ്യങ്ങൾ വർണിച്ചിരിക്കുകയാണ്. യഥാർഥത്തിൽ ഭൗതിക മനുഷ്യന് സങ്കൽപിക്കാവുന്നതിനപ്പുറമാണ് സ്വർഗീയ സൗഭാഗ്യങ്ങൾ. ●